DEC... C-20/12/21


സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


ഹർജി നമ്പർ **CP No. 683(2)/2019/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**(ഫയൽ നമ്പർ: 12074/SIC-G6/2019 )**

**സന്നിഹിതൻ**

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. സെന്തിൽ കുമാർ വി.കെ,
വൈരേലിക്കുടി(വീട്),
മരോട്ടിച്ചോട്, കാലടി (പി.ഒ),
പിൻ - 683 574. } പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്,
മലയാറ്റൂർ ഡിവിഷൺ,
കൊടനാട് (പി.ഒ), എറണാകുളം - 683 544. } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 28/05/2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 28/06/2019 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 15/07/2019 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 17/07/2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 23/09/2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 13/10/2019 |
| കമ്മീഷൻ ഹിയറിംഗ് നടത്തിയ തീയതി :<br>സ്ഥലം : | 17/11/2021<br>കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ടൗൺഹാൾ |
| ഹിയറിംഗ് സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായില്ല<br>ഹാജരായി |

**ഉത്തരവ്**

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. സെന്തിൽ കുമാർ വി.കെ, 15/07/2019 തീയതി സമർപ്പിച്ച പരാതി 17/07/2019 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.No. 683(2)/2019/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി മറുപടി ലഭ്യമാക്കിയില്ല എന്ന ആക്ഷേപമാണ്.

3. പരാതി ഹർജിക്കാരൻ 28/05/2019 തീയതി എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

1. മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, കോടനാട് റേയിഞ്ച് ഫോറസ്റ്റ് ഓഫീസ് ഇവിടെങ്ങളിൽ എത്ര തസ്തിക ഒഴിവുകൾ ഉണ്ടെന്നും
2. മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, കോടനാട് റേയിഞ്ച് ഫോറസ്റ്റ് ഓഫീസ് ഇവിടെങ്ങളിൽ എത്ര താൽക്കാലിക ജീവനക്കാർ ഉണ്ടെന്നും അവരുടെ പേര്, തസ്തികകൾ ഏതെന്നും എത്ര കാലമായി ജോലി ചെയ്യുന്നുവെന്നും
3. എംപ്ലോയിമെന്റ് എക്സ്ചേഞ്ച് വഴി നിയമനം ലഭിച്ചവർ ഉണ്ടോയെന്നും, ഉണ്ടെങ്കിൽ എത്ര കാലമായിയെന്നും, അവരുടെ പേര്, തസ്തികകൾ ഏതെന്നും
4. വിരമിക്കൽ പ്രായം കഴിഞ്ഞ ആരെങ്കിലും ജോലിയിൽ തുടരുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ അവരുടെ പേര്, തസ്തികകൾ ഏതെന്നും
5. ഗജ ഇൻസ്പെക്ഷൻ ബംഗ്ലാവിൽ എത്ര താൽക്കാലിക ജീവനക്കാർ ഉണ്ടെന്നും അവരുടെ പേര്, തസ്തിക ഏതെന്നും എത്ര കാലമായി ജോലി ചെയ്യുന്നുവെന്നുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ 28/06/2019-ന് മറുപടി നൽകിയിട്ടുണ്ട്.

4. എതിർകക്ഷി 13/10/2019-ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 15/07/2019-ന് ഒന്നാം അപ്പീൽ അധികാരിയായ തൃശ്ശൂർ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് 28/05/2019-ലെ അപേക്ഷയിന്മേൽ മറുപടി ലഭിച്ചിട്ടില്ല എന്ന് വ്യക്തമാക്കി അപ്പീൽ സമർപ്പിക്കുകയും ആയതിന്മേൽ ടി ഓഫീസിലേയ്ക്ക് വിവരങ്ങൾ ആവശ്യപ്പെടുകയും ടിയാന്റെ ചോദ്യങ്ങൾക്ക് മറുപടി 28/06/2019-ന് നൽകിയിട്ടുള്ളതും മറുപടിയുടെ പകർപ്പ് സഹിതം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് സമർപ്പിക്കുകയുണ്ടായിയെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ടി അപ്പീൽ തീർപ്പാക്കി 29/08/2019-ന് ടി ഓഫീസർ ഉത്തരവാക്കുകയും ആയതിൽ 28/06/2019-ന് നൽകിയ മറുപടി കത്തിന്റെ പകർപ്പ് അപേക്ഷകന് നൽകുവാൻ നിർദ്ദേശിച്ചിരുന്നുവെന്നും ടി ഉത്തരവ് 04/09/2019-ൽ

ടി ഓഫീസിൽ ലഭിക്കുകയും ആയത് പ്രകാരം അപേക്ഷകന് മറുപടിയുടെ പകർപ്പ് 16/09/2019 തീയതിയിൽ വീണ്ടും അയച്ചു കൊടുത്തിട്ടുണ്ടെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഹർജിക്കാരൻ ആവശ്യപ്പെട്ട ലഭ്യമായ വിവരം ടിയാന് നൽകിയിട്ടുള്ളതാണെന്ന് കമ്മീഷന് ബോധ്യമായ സാഹചര്യത്തിൽ ടി ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം **2021 നവംബർ 17–ാം** തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

AV